**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 311** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>ആദിവാസി, ദളിത്, മത്സ്യത്തൊഴിലാളി മേഖലകളിലെ ഭവനരഹിതർക്കായുള്ള ഭവനനിർമ്മാണ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ആര്യാടൻ ഷൗക്കത്ത് ശ്രീ. കെ. എം. ഷാജി

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടതിനാൽ ആദിവാസി, ദളിത്, മത്സ്യത്തൊഴിലാളി മേഖലകളിലെ ദരിദ്രവിഭാഗങ്ങൾക്ക് 2011-2016 കാലയളവിലെ സർക്കാരിന്റെ കാലത്ത് ലഭിച്ചിരുന്ന ഭവന നിർമ്മാണ ആനുകൂല്യം ലഭിക്കാതെ പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ടവർക്ക് ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പിലും നിർമ്മാണത്തിലും പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്.

22.05.2026 ലെ സ.ഉ.(കൈ)നം.3/2026/PIE&MD ഉത്തരവ് പ്രകാരം, വിഷൻ 2031 ലക്ഷ്യങ്ങളിൽ, പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി വിഭാഗങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ടുള്ള ഭവന പദ്ധതികൾ നടപ്പിലാക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**(ബി)** 2011-2016 കാലയളവിലെ സർക്കാരിൻെറ കാലത്ത് നിലവിലുണ്ടായിരുന്ന ആദിവാസി, ദളിത്, മത്സ്യത്തൊഴിലാളി മേഖലകളിലെ ഭവനരഹിതർക്കായുള്ള ഭവനനിർമ്മാണ പദ്ധതികൾ പുനഃരാരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ടവർക്ക് ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പിലും നിർമ്മാണത്തിലും പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്.

22.05.2026 ലെ സ.ഉ.(കൈ)നം.3/2026/PIE&MD ഉത്തരവ് പ്രകാരം, വിഷൻ 2031 ലക്ഷ്യങ്ങളിൽ, പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി വിഭാഗങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ടുള്ള ഭവന പദ്ധതികൾ നടപ്പിലാക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**സെക്ഷൻ ഓഫീസർ**